**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നും പിൻവലിച്ച ബസ്സുകൾ തിരികെ എത്തിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ബസ്സുകളാണ് സർവീസ് നടത്തുന്നത്; വ്യക്തമാക്കാമോ; | (എ) | ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ യിൽ നിലവിൽ 34 ബസ്സുകളാണ് സർവീസ് നടത്തുന്നത്. |
| (ബി) | ഈരാറ്റുപേട്ട ഡിപ്പോയിൽനിന്നും ബസ്സുകൾ മറ്റു ഡിപ്പോകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185 ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും, കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും, ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തിട്ടുള്ളതുമാണ്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിൻറെ ഭാഗമായി കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 3 ബസ്സുകൾ ഈരാറ്റുപേട്ട യൂണിറ്റിൽ നിന്നും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്. |
| (സി) | മറ്റു ഡിപ്പോകളിലേക്കു ബസ്സുകൾ മാറ്റുന്നത് മൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുഗതാഗത സംവിധാനത്തെ ബാധിക്കുകയും യാത്രാക്ലേശം അതിരൂക്ഷമാവുകയും ചെയ്യുമെന്നതിനാൽ ബസ്സുകൾ പിൻവലിച്ച നടപടി മരവിപ്പിച്ച് ബസുകൾ തിരികെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ബസ്സുകൾ കുറവ് വരുന്ന സാഹചര്യത്തിൽ ജില്ലാ പൂളിൽ നിന്നും പകരം ബസ്സുകൾ നല്കുന്നതിന് പദ്ധതി ഉണ്ട്. ആയതിനാൽ ബസ്സുകൾ ഇല്ലാതെ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഒഴിവാക്കിയി ട്ടുണ്ട്. കൂടാതെ കൂടുതൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ നൽകേണ്ട സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽ നിന്നും അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ